## 2016 ഒക്ടോബർ 27 ന് കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിയിലെ കപ്പൽനിർമ്മാണശാലയുടെ 25 ശതമാനം ഓഹരി വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുന:പരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു.

1972-ൽ സ്ഥാപിതമായ കപ്പൽശാല പ്രതിസന്ധികളെ അതിജീവിച്ച് 1995 മുതൽ ലാഭത്തിൽ പ്രവർത്തിച്ചു വരികയാണ്. തദ്ദേശീയമായി രൂപകല്പന ചെയ്ത വിമാന വാഹിനികപ്പൽ നിർമ്മിക്കുന്ന ലോകത്തെ 5 കപ്പൽശാലകളിൽ ഒന്നായി കൊച്ചിയിലെ കപ്പൽശാലയ്ക്ക് വളരാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം രാജ്യതാല്പര്യത്തിന് ഹാനികരമാണ്. തന്ത്രപ്രധാനമായ ഈ വ്യവസായത്തെ സംരക്ഷിക്കുക എന്നുള്ളത് രാഷ്ട്ര താല്പര്യത്തിന് അനിവാര്യവുമാണ്. അതോടൊപ്പം അമ്പലമുകളിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാനുള്ള

നീക്കത്തിൽ നിന്നും കേന്ദ്രം പിൻതിരിയണമെന്നും കൊച്ചിയിലെ ബി.പി.സി.എൽ-ലെ അസംസ്കൃത വസ്തുക്കൾ എച്ച്.ഒ.സി യ്ക്ക് നൽകുമെന്ന് ഉറപ്പുവരുത്തണമെന്നും കേന്ദ്ര സർക്കാർ, പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ അംഗീകരിച്ചിട്ടുള്ള 840 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജിന് അനുവാദം നൽകണമെന്നും സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാകെ സംരക്ഷിക്കുന്നതിനും കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു.

വി.കെ.ബാബുപ്രകാശ്,

സെക്രട്ടറി, കേരള നിയമസഭ